കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഇ.എം.എസ് ഭവന പദ്ധതി-സർക്കാർ ആഫീസുകൾ,പൊതു മേഖലാസ്ഥാപനങ്ങൾ, ബോർഡുകൾ എന്നിവിടങ്ങളിൽ നിന്നും സംഭാവനയായി ലഭിച്ച തുക വായ്പയുടെ പലിശ ഒടുക്കുന്നതിനായി മുതൽ കൂട്ടുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ (സാധാ)നം:971/2012/തസ്വഭവ തിരുവനന്തപുരം, തീയതി:30/3/2012

---

പരാമർശം:- 1. 7/11/2009-ലെ സ.ഉ (എം.എസ്) നം.207/2009/തസ്വഭവ

2. 15/3/2010-ലെ 88722/സി.ഡി.എൻ4/09/പൊ.ഭ.വ നമ്പർ സർക്കുലർ.

3. 6/2/12-ൽ ബഹു.പഞ്ചായത്തും, സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനം.

## ഉത്തരവ്

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ ഭവനരഹിതർക്കും വീട് നൽകുക, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ ഭൂരഹിത-ഭവനരഹിതർക്കും സ്ഥലവും വീടും നൽകുക എന്നീ ലക്ഷ്യങ്ങളോടെ ആവിഷ്ക്കരിച്ചിരുന്ന പദ്ധതിയാണ് ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി. ഈ പദ്ധതിയുടെ മാർഗ്ഗരേഖ പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു.

സംസ്ഥാന ഗവൺമെന്റ് ജീവനക്കാരുടെയും അധ്യാപകരുടെയും മാർച്ച് മാസത്തെ ശമ്പളത്തിൽ നിന്നും ഒരു ദിവസത്തെ ശമ്പളം, അവരുടെ സമ്മതത്തിന് വിധേയമായി കുറവ് ചെയ്ത് ഇ.എം.എസ് ഭവന നിധിയിലേയ്ക്ക് അടയ്ക്കുവാൻ പരാമർശം (2) പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇങ്ങനെ പ്രസ്തുത പദ്ധതിയ്ക്കായി വിവിധ സർക്കാർ ഓഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ ജീവനക്കാർ മറ്റ് ഉദാരമതികളായ വ്യക്തികൾ എന്നിവരിൽ നിന്നും സർക്കാരിലേയ്ക്ക് ലഭിച്ച 2,11,25.532/- രൂപ അന്നത്തെ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ചെയർമാനും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറുമായി രൂപീകരിച്ച 'ഇ.എം.എസ് ഭവന നിർമ്മാണനിധി' എന്ന പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ STSB 15694 എന്ന നമ്പറിൽ തുറന്നിട്ടുള്ള ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

ഇപ്രകാരം സംഭാവനയായി സർക്കാരിൽ ലഭിച്ചിട്ടുള്ളതും ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതുമായ 2,11,25,532/- രൂപ വായ്പയുടെ പലിശ ഒടുക്കുന്നതിനായി മുതൽ കൂട്ടാവുന്നതാണെന്ന് പരാമർശം (3) പ്രകാരം തീരുമാനിച്ചിരുന്നു.

(.... 2)

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇ.എം.എസ് ഭവന പദ്ധതിയിൽ സംഭാവനയായി ലഭിച്ചിട്ടുള്ളതും ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതുമായ 2,11,25,532/- (രണ്ടുകോടി പതിനൊന്ന് ലക്ഷത്തി ഇരുപത്തയ്യായിരത്തി അഞ്ഞൂറ്റി മുപ്പത്തിരണ്ട്) രൂപ ഇ.എം.എസ് ഭവന പദ്ധതി വായ്പയുടെ പലിശ ഒടുക്കുന്നതിനായി മുതൽ കൂട്ടാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ജെയിംസ് വർഗ്ഗീസ്
ഗവ.പ്രിൻസിപ്പൽ സെക്രട്ടറി

ജില്ലാട്രഷറി ഓഫീസർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, (LBA&A), തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
എല്ലാജില്ലാപഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും
സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.